# ഹാപ്പി വോയ്സ്

സന്തോഷധ്വനി

VOL.26 APRIL NO.4



*Happy Voice* - സന്തോഷധ്വനി

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള ബ്രദറൺ പ്രസിദ്ധീകരണം

**Chief Editor:**

**SIMON PAYYANUR**
**Tel: 02836-224763,226951,**
**M-09825169406**

**CO-Editor:**

**P.V.JOSE-Jaipur**
**M- 09829053425**

**Representatives: UAE**

**DUBAI**

**VARGHESE GEORGE**
**971-507694748**

**SHARJAH**

**JAMES MATHEW**
**M-971-506328241**

**FUJJAIRA**

**SUNNY IDICULA**
**M-971-559109855**

**RASALKHAIMA**

**SUNIL DANIEL CHARLY**
**M- 971-505657161**

**KERALA**

**P.D.CHACKO-KANNUR**
**M-09746881460**

**Annual Subscription;-**

India : Rs. 50.00

*Please Mail :-*

*Articles, Letters,Subscription, Contribution to;*

*SIMON PAYYANUR*
*PLOT.NO.147,SECTOR.7,*
*GANDHIDHAM.*
*370201,KUTCH,GUJARAT.*
**Tel: 02836-224763,226951**
**M-09825169406**
**e-mail:**
**payyanursimon@gmail.com**

OR

SIMON PAYYANUR,
A/c .NO.10316650005 SBI
IFSC Code: SBIN0000373.

ഹാപ്പി വോയസ് എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു.

പി.ഡി.എഫ് ഫോർമാററിൽ ആവശ്യമുള്ളവർ ഇ- മെയിൽ വിലാസം അയച്ചു തരിക.

വരിസംഖ്യ കുടിശിഖ അയച്ചു തരിക.

VOL.26 Happy Voice - സന്തോഷ ധ്വനി 2014 NO.4

പത്രാധിപർ എഴുതുന്നു:-

# ഉത്തമഗീതം “ദൈവശ്വാസീയമല്ല”

**ക**ഴിഞ്ഞ ലക്കത്തിൽ ഉത്തമഗീതം ദൈവശ്വാസീയമല്ല എന്ന ഒരു കുറിപ്പിന് വായനക്കാരിൽ നിന്നും പ്രതികരണങ്ങൾ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. നിരവധി സഹോദരീ സഹോദരൻമാരാണ് പ്രതികരണങ്ങൾ അയച്ചു തന്നത്. അവയിൽ പലതും ശക്തമായ ഭാഷയിലുള്ളതായതിനാൽ പൊതുവായി ഞങ്ങൾ ഈ വിഷയം ഇവിടെ തുറന്നെഴുതുകയാണ്. വായനക്കാരിൽ പലർക്കും എറണാകുളത്തെ ഡോക്ടർമാർ ആരെന്നു അറിയില്ല. എന്നാൽ പലർക്കും അറിയാം. അറിയാത്തവർ ആ ഡോക്ടർമാരുടെ പേരുകൾ ഹാപ്പിവോയസിൽ പ്രസിദ്ധീകരിക്കണമെന്നു പറഞ്ഞതിനാലും, ഈ എഴുത്തുകാർ അവരുടെ വേർപാട് മാസികയിൽ അവരെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നതിനാലും ഞങ്ങൾ അവരുടെ പേരുകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ്. ഡോഃ ജോൺസൺ.സി.ഫിലിപ്പ് ഉം അദ്ദേഹത്തിന്റെ ശിഷ്യനായ ഡോഃ സനീഷ് ചെറിയാനുമാണ് ഈ പ്രതിഭകൾ.

ഇതിൽ ഡോഃ ജോൺസൺ.സി.ഫിലിപ്പിനെ ഈ ലേഖകൻ വളരെ ബഹുമാനിക്കുന്ന ഒരു വ്യക്തിയാണ്. മാത്രമല്ല അദ്ദേഹത്തിന്റെ ഡോക്ടറേററിൽ ഞങ്ങൾക്കു സംശയവുമില്ല. എന്നാൽ ബ്രദർഃ സനീഷ് ചെറിയാന്റെ ഡോക്ടറേററിൽ ഞങ്ങൾക്കു സംശയമുണ്ട്. ആയതിനാൽ സനീഷ് ചെറിയാന്റെ ഡോക്ടറേററിന്റെ വിശദാംശങ്ങൾ വേർപാട് മാസികയിലൂടെ ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഡോക്ടറേററ് ലഭിച്ച വർഷം,മാസം,തീയതി, ഡോക്ടറേററ് തന്ന യൂണിവേഴ്സിററിയുടെ പേരും വിലാസവും, ഡോക്ടറേററു ലഭിച്ച വിഷയം, എത്ര വർഷം പഠനത്തിനായി ചിലവഴിച്ചു, ഡോക്ടറേററു ലഭിക്കുവാൻ ഗൈഡായി പ്രവർത്തിച്ചതാര്. ഇവ വ്യക്തമാക്കിയാൽ ബ്രദർഃ സനീഷ് ചെറിയാന്റെ ഡോക്ടറേററിൽ ഉള്ള സംശയം ദൂരിക്കരിക്കപ്പെടും. ബ്രദർ. ജോൺസൺ.സി.ഫിലിപ്പ് ഈ വിഷയത്തിൽ മുൻകൈ എടുക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഇനി വേർപാട് മാസികയിൽ ഉത്തമഗീതത്തെക്കുറിച്ച് ഇവർ എഴുതിയ ലേഖനത്തിലെ മൂന്ന് പരാമർശങ്ങൾ മാത്രം സ്ഥലപരിമിതിയാൽ അതുപോലെ രേഖപ്പെടുത്തുകയാണ്. ഒന്ന്- സ്ത്രീയും പുരുഷനും തങ്ങളുടെ ദാമ്പത്യജീവിതത്തിൽ പരസ്പരം ചെയ്യേണ്ട കാര്യങ്ങളുടെ വിശദീകരണമാണ് ഉത്തമഗീതത്തിൽ ഉടനീളം കാണുന്നത്. രണ്ട്- ഇതിലെ പ്രമേയം എന്നത് സ്ത്രീയും പുരുഷനും തമ്മിലുള്ള മാനുഷിക സ്നേഹമാണ്. തൻമൂലം സ്ത്രീയുടെ അംഗലാവണ്യം പുരുഷനിൽ ലൈംഗികാവേശം ഉണർത്തുന്നു. സ്ത്രീക്ക് അവന്റെ സാന്നിദ്ധ്യവും പരിലാളനകളും രതിമൂർച്ഛയുണ്ടാക്കുന്നു. മൂന്ന്-ആകയാൽ ഉത്തമ ഗീതം മനുഷ്യന്റെ ലൈംഗിക ജീവിതത്തിൽ അവർ പരസ്പരം ചെയ്യേണ്ട കടമകളെയാണ് വിവരിക്കുന്നത്.

➲2



മേൽപ്പറഞ്ഞ മൂന്നു ആശയങ്ങളിൽ നിന്നും ഈ സഹോദരൻമാരുടെ തിരുവചനത്തോടുള്ള കാഴ്ചപ്പാട് എന്താണെന്നു വ്യക്തം. അന്യമതസ്ഥർപോലും അവരുടെ മതഗ്രന്ഥങ്ങളെ ദൈവി കമായും പരിപാവനമായും കാണുമ്പോൾ വിശുദ്ധ വേദപുസ്തകത്തെ ഒരു ലൈംഗിക ഉത്തേജനത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്ന ഒരു പുസ്തകമായി ചിത്രീകരിക്കുവാൻ ഡോക്ടർമാർ കാണിച്ച വ്യഗ്രത തികച്ചും അപലപനീയവും അക്ഷന്ത്യവ്യമായ തെററുമാണ്. നൂററാണ്ടുകളായി നിരീശ്വരവാദികളും യുക്തിവാദികളും ക്രൂശിന്റെ ശത്രുക്കളും 66 പുസ്തകങ്ങളടങ്ങിയ വേദപുസ്തകത്തിലടങ്ങിയിരിക്കുന്ന ജീവനുള്ള സത്യങ്ങളെ ഇല്ലായ്മ ചെയ്യുവാൻ കിണഞ്ഞു പരിശ്രമിച്ചിട്ടും ഇന്നും സകല പുസ്തകങ്ങളുടെയും രാജാവായി വിശുദ്ധ ബൈബിൾ നിലകൊള്ളുന്നത് അതിലെ ഓരോ പുസ്തകങ്ങളും ദൈവനിശ്വാസീയമായതിനാലാണ്.

ഉത്തമഗീതം, ഡോക്ടർമാരുടെ വ്യാഖ്യാന ശ്വാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പുരുഷനും സ്ത്രീക്കും ലൈംഗികാവേശമുണർത്തുവാനും രതിമൂർച്ഛയ്ക്കും വേണ്ടിമാത്രമെന്ന വ്യാഖ്യാനം ഇവരുടെ അപക്വമായ മാനസികാവസ്ഥയുടെ വ്യക്തമായ തെളിവാണ്. ദൈവവചനത്തിലെ സത്യങ്ങളെ വെളിപ്പെടുത്തിത്തരുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. അല്ലാതെ ഒരു ഡോക്ടറേററുകാരുമല്ല. അറിവിൽ തികഞ്ഞവർ എന്നു വരുത്തിത്തീർക്കുവാനും ദൈവ ശാസ്ത്രത്തിൽ പാണ്ഠിത്യമുണ്ടെന്നും വരുത്തിത്തീർക്കുവാൻ ശ്രമിക്കുന്ന ഇത്തരക്കാരെ വിദ്യപഠിച്ച ഭോഷൻമാർ എന്നല്ലാതെ മറെറന്തു പറയാൻ.

ഒരു ശരീരത്തിൽ എവിടെ മുറിവുണ്ടായാലും രക്തംപൊടിയുമെന്നതുപോലെ തിരുവചനത്തിലെ ഏതു പുസ്തകങ്ങൾ തുറന്നാലും അവിടെ ആത്മിക പ്രസരവും ക്രിസ്തുവിന്റെ മഹത്വവും പ്രകടമാകും. ഒരു ആത്മിയനായവനു മാത്രമെ വിശുദ്ധ ബൈബിളിലെ ഏതു പുസ്തകവും ആത്മിയമായി കാണുവാൻ സാധിക്കയുള്ളു. അല്ലാത്തവർക്കു അത് ലൈംഗിക തീഷ്ണത വർദ്ധിപ്പിക്കുന്നതായേ തോന്നുകയുള്ളു.

ഉത്തമഗീതം ദൈവശ്വാസീയമാണ്. അതിലെ വിവരണങ്ങൾ സഭയും ക്രിസ്തുവും തമ്മിലുള്ള സ്നേഹത്തിന്റെ പാരമ്യതയെയാണ് കാണിക്കുന്നത്. അതിലപ്പുറമായ ചിന്താഗതികളും ആശയങ്ങളും പൈശാചിക സിദ്ധാന്തങ്ങളും താളംതെററിയ മനസ്സുകളുടെ ജല്പനവും മാത്രമാണ്. സോഷ്യൽ മീഡിയകളിലും മററും ഇത്തരത്തിലുള്ള ഇക്കിളി വ്യഖ്യാനങ്ങൾ തൊടുത്തുവിട്ട് ലോലമനസ്സുകളെ ദൈവവചനത്തിൽ നിന്നും അകററുവാൻ ശ്രമിക്കുന്ന ആത്മീയതയുടെ മുഖംമൂടിയണിഞ്ഞ ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളെ ദൈവജനം തിരിച്ചറിയണം. ഇവർ ദുരുപദേശക്കാരിൽ നിന്നും വേദപുസ്തക വിമർശകരിൽ നിന്നും അച്ചാരം പററുന്നവരാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ആവശ്യമെന്നുവരികിൽ ചില കാര്യങ്ങൾ ഞങ്ങൾ തുറന്ന് എഴുതുന്നതാണ്.

പൗലോസ് പറയുന്നത് ശ്രദ്ധിക്കുക; ദുഷ്ട മനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ്ടു മേല്ക്കുമേൽ ദോഷത്തിൽ മുതിർന്നു വരും. നീയോ ഇന്നവരോടു പഠിച്ചു എന്നോർക്കയും ക്രിസ്തേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക.

പ്രിയ ദൈവജനമെ, ദുരുപദേശക്കാരെ തിരിച്ചറിയുക. സുവിശേ ഷവേലയെന്നു പറഞ്ഞു സോഷ്യൽ മീഡിയയിൽകൂടെ വേലചെയ്യുന്ന ഇത്തര ജ്വാല സുവിശേഷകൻമാരെ തിരിച്ചറിയുക. അതിനുള്ള ദൈവകൃപ സ്വർഗ്ഗത്തിലെ ദൈവം ഏവർക്കും തരുമാറാകട്ടെ.

(SP)

# അങ്ങനെ അവർ മനോഹര ദേശത്തെ ശൂന്യമാക്കിക്കളഞ്ഞു- എങ്ങനെ?

P.JAMES SAMUEL-KALLISSERY

യിസ്രായേൽ ദേശം മനോഹര ദേശമായിരുന്നു. അതു പാലും തേനും ഒഴുകുന്ന ദേശവുമായിരുന്നു. യിസ്രായേൽ ജനത്തിനുവേണ്ടി ദൈവത്താൽ വേർതിരിച്ച് അതിർ നിർണ്ണയിക്കപ്പെട്ട ദേശം. ദൈവകല്പനയെ പൂർണ്ണമായി വിശ്വസിച്ച് യിസ്രായേൽ അവർക്ക് നൽകപ്പെട്ട ദേശം മുഴുവൻ കയ്യടക്കേണ്ടത് ആവശ്യമായിരുന്നു. എന്നാൽ അവരുടെ അവിശ്വാസം നിമിത്തം അതു സാധിച്ചില്ല. വചനം പൂർണ്ണമായി അംഗീകരിച്ച് അനുസരിപ്പാൻ യിസ്രായേൽ താത്പര്യപ്പെട്ടില്ല. ഇന്നും സ്ഥിതി അതിൽ നിന്നും വ്യത്യസ്ഥമല്ല. കുറച്ചു ഭൂമി കനാൻ നാട്ടിൽ കയ്യടക്കി കഴിഞ്ഞപ്പോൾ അവർ പറഞ്ഞു ഇപ്പോൾ ഇതു മതി ബാക്കിയൊക്കെ ഭാവിതലമുറ ചെയ്യട്ടെ. പലരും യോഗങ്ങൾക്കു പോകുന്നു. പാടുന്നു, പ്രാർത്ഥിക്കുന്നു. എന്നിട്ടു പറയുന്നു. ഇത്രയും മതി. നമ്മെക്കുറിച്ചുള്ള ദൈവഹിതം ആരായുന്നതിനോ അതു നിറവേററുന്നതിനോ താത്പര്യം കാണിക്കുന്നില്ല. മരുഭൂമിയിൽക്കൂടെ ദൈവം നല്കിയ മന്നയും ഭക്ഷിച്ച് വെള്ളവും കുടിച്ച് യാത്ര ചെയ്ത ജനം ദൈവകലപനയെ പൂർണ്ണമായി ഒരിക്കലും വിശ്വസിച്ചിരുന്നില്ല എന്നു അവരുടെ ആകമാന ചരിത്രം പറയുന്നു. അതുകൊണ്ടു യോശുവയും കാലേബും ഒഴികെയുള്ളവർ വഴിയിൽ നശിച്ചുപോയി. ദൈവകല്പനയെ ത്യജിച്ചവർ ദൈവത്തെയാണ് ത്യജിച്ചത്. ഹൃദയം കൊണ്ടു ദൈവത്തെ ത്യജിക്കുന്നവർ ദൈവകല്പനകൾക്കും ജീവിത വിശുദ്ധിക്കും ജീവിതത്തിൽ സ്ഥാനം കൊടുക്കുന്നില്ല. ആത്മിക ജീവിതത്തിൽ ജീവിത വിശുദ്ധി പാലിക്കാത്തതു ദൈവത്തെ ത്യജിക്കുന്നതുകൊണ്ടാണ്.

ജീവിത വിശുദ്ധിക്ക് അനിവാര്യം എന്നു കരുതി പിതാക്കൻമാർ ജാതികളുടെ പല രീതികളും ഉപേക്ഷിക്കുകയും സമുദായസ്ഥരുടെ പല ചിന്താഗതികളും ത്യജിക്കയും ചെയതു. വ്യക്തമായ ഒരു വേർപാടായിരുന്നു അവർ അതുകൊണ്ടു ഉദ്ദേശിച്ചത്. എന്നാൽ കാലക്രമേണ ജീവിത വിശുദ്ധിയുടെ കാഴ്ചപ്പാടു നഷ്ടപ്പെട്ട ചിലർ, ജാതികളോടു താദാത്മ്യം പ്രാപിക്കുവാനുള്ള താത്പര്യത്തിൽ അവരുടേതായ പല രീതികളും സ്വീകരിച്ചു തുടങ്ങി. യിസ്രായേലിന്റെ പരാജയത്തിനു കാരണം അവരുടെ അനുസരണക്കേടും ജാതികളെ അനുസരിക്കുവാനുള്ള വ്യഗ്രതയുമായിരുന്നു. അത്യുന്നതനായ ദൈവത്തിന്റെ കല്പനകളെ ആദംഹവമാരെപ്പോലെ അവർ ലാഘവമായെടുത്തു. യഹോവയുടെ ഭാരം എന്ന പരിഹാസ വാക്കാണ് പ്രവാചകൻമാർ മുഖാന്തരം അരുളിച്ചെയ്ത ദൈവകല്പനയ്ക്ക് അവർ പറഞ്ഞത്.(യിരമ്യ 23:33). ദൈവവചനത്തിനു ഭാരകൂടുതൽ ഉണ്ട് എന്നാണ് ഇന്നും ലഘുബുദ്ധികൾ പറയുന്നത്. അതുകൊണ്ട് അവരുടെ അല്പ ബുദ്ധി ഉപയോഗിച്ച് ദൈവവചനത്തിന്റെ ഭാരം കുറയ്ക്കുന്നു. അങ്ങനെ ഒരു ജനം നശിക്കുന്നു.

യിസ്രായേലിനോടുള്ള കലപനയെ അവർ നിരാകരിച്ചു. ഫലമോ, അവരുടെ പാലും തേനും ഒഴുകുന്ന ദേശം ഒരിക്കലും അവർക്കു പൂർണ്ണമായി കൈവശപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല അവർ കനാനിൽ ➲4



വസിച്ചിരുന്ന കാലം മുഴുവൻ അവർ കഷ്ടതയിലും ഞെരുക്കത്തിലുമായിരുന്നു. കർത്താവ് എഫെസോസ് സഭയോട്(വെളി 2:5) നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽ നിന്നും നീക്കുകയും ചെയ്യും എന്നു പറയുന്നു. യിസ്രായേലിനെ സംബന്ധിച്ചിടത്തോളം നിലവിളക്കു നീങ്ങി വെളിച്ചം ഇല്ലാതെയായ അവസ്ഥ അവർക്കു സംജാതമായി. കഴിഞ്ഞ നാളുകളിൽ ഉടലെടുത്ത അനേക പ്രസ്ഥാനങ്ങൾ ഒരു സുപ്രഭാതത്തിൽ പെട്ടെന്ന് ഇല്ലാതെയാകുകയായിരുന്നില്ല. അനാത്മികത പടിപടിയായി വ്യക്തികളിൽ കൂടി അവരിലേക്കു പ്രവേശിക്കുകയും ആത്മിക തീഷ്ണതയും ഉപദേശ വിശുദ്ധിയും തൻമൂലം സാക്ഷ്യവും നഷ്ടപ്പെട്ട് അവരൊക്കെ ഇല്ലാതാവുകയായിരുന്നു. ചില വ്യക്തികൾ തങ്ങളുടെ വ്യക്തിത്വം ഉയർത്തിക്കാട്ടുവാനുള്ള താത്പര്യത്തിൽ തങ്ങളുടേതായ ചില ചിന്താഗതികൾ പ്രചരിപ്പിക്കയും തൻമൂലം പ്രസ്തുത സമൂഹം ഉപദേശ വിശുദ്ധി നഷ്ടപ്പെട്ട് ശൂന്യമായിപ്പോകുകയും ചെയ്യുന്നുണ്ട്. അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന കൂട്ടങ്ങളെ ശ്രദ്ധിച്ചാൽ അവർ പണ്ട് എന്തെല്ലാം വിട്ടു കളഞ്ഞുവോ, അവ വീണ്ടും സ്വീകരിക്കയും, നിർവികാരതയുടെ പ്രതീകാത്മകമായി മാറുകയും, ജീവച്ഛവമായിത്തീരുകയും ചെയ്തതായി കാണുവാൻ കഴിയും. അത്തരം പല കൂട്ടങ്ങളും ശൂന്യതയിൽ ലയിച്ചു കഴിഞ്ഞു.

യിസ്രായേലിനോടുള്ള ദൈവകല്പനകൾ വ്യക്തവും അനുസരിക്കാൻ കഴിയുന്നവയുമായിരുന്നു. മനോഹര ദേശത്തെ അവർ എങ്ങനെ ശൂന്യമാക്കിയെന്നു സെഖര്യ 7:8-14 വരെ വായിക്കുമ്പോൾ വ്യക്തമാകും. അനുസ രിക്കാൻ പററാത്ത കഠിന നിയമങ്ങളൊന്നും അവിടെ പറയുന്നില്ല. എന്നാൽ ഹൃദയം കഠിനപ്പെടുന്നിടത്തു സാധാരണ മര്യാദകൾപോലും ലംഘിക്കപ്പെടുന്നു. അവസാനം നാശത്തിലവസാനിക്കുന്നു.

ദൈവം ആഗ്രഹിക്കുന്ന ഒന്നാമത്തെ കാര്യം നേരോടെ ന്യായം പാലിക്കണമെന്നതാണ്. അത് സഭയിലായാലും ഭവനത്തിലായാലും ജോലികാര്യങ്ങളിലായാലും, വ്യവസായത്തിലായാലും അങ്ങനെ തന്നെ വേണം. ഓരോ സ്ഥലങ്ങളിൽ ഓരോ രീതി പാടില്ല. ദൈവവചനമായിരിക്കണം അതിന്റെ അടിസ്ഥാനപ്രമാണം. സ്വാർത്ഥതയും സ്വജനപക്ഷവാദവും, സ്ഥാനമോഹവും സ്വന്തനിലനില്പും ഒന്നും ഇവിടെ അനുവദനീയമല്ല. ദൈവം യിസ്രായേലിനോടാവശ്യപ്പെടുന്ന കാര്യം നമ്മോടും ആവശ്യപ്പെടുന്നു. പക്ഷേ ദൈവ സഭയിൽപ്പോലും അതു പാലിക്കപ്പെടുന്നില്ല. ഭക്തൻമാരും പരിജ്ഞാനികളും എന്നു ചിന്തിക്കുന്നവർപോലും പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ നേരും ന്യായവും വിട്ടുകളയുന്നു. ചിലരെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുന്നു. സ്വന്തം തടി രക്ഷിക്കുവാനും, സ്വന്ത ധനസമ്പാദനത്തിനു എന്തു കുരുട്ടുവേലയും സ്വീകരിക്കുന്നു. ഫലമോ സാക്ഷ്യം നഷ്ടപ്പെടുന്ന സഭകൾ ചിന്നഭിന്നമാകുന്നു. പലരും അനാത്മികതയിലേക്കു വഴുതി വീഴുന്നു. നേതൃത്വം നിമിത്തം പല സഭകളും ഇല്ലായ്മയായും ശൂന്യമായും പോകുന്നു.

രണ്ടാമത് ദൈവം ആവശ്യപ്പെടുന്ന കാര്യം ഓരോരുത്തൻ താന്താന്റെ സഹോദരനോട് ദയയും കരുണയും കാണിക്കണം എന്നതാണ്. ഇതു പ്രവൃത്തിയാൽ പ്രകടമാക്കപ്പെടേണ്ട കാര്യമാണ്. അതായത് ചിലവുള്ള കാര്യമാണ്. വാക്കുകൊണ്ടു മാത്രം ആർക്കും ദയയും കരുണയും കാണിക്കുവാൻ കഴിയുന്നതല്ല. രോഗാവസ്ഥയിലായിരിക്കുന്നവരോടും പ്രായാതിക്യത്തിലുള്ളവരോടും ➲5

# ക്രിസ്തുവും ക്രിസ്ത്യാനിയും

P.P.SIMON-THRISSUR

ഭ ലോക ജനസംഖ്യയിൽ 2003 ജൂലൈയിലെ കണക്കു പ്രകാരം 32.79 ശതമാനം ക്രിസ്ത്യാനികളാണെന്നു പറയുന്നു. അതുകൊണ്ടുതന്നെ ക്രിസ്ത്യാനിത്വം എന്താണെന്നറിഞ്ഞിരിക്കേണ്ട പ്രധാനമായ ഒരു വസ്തുതയാണ്. അതിൽ മുഖ്യമായവ ക്രിസ്ത്യാനിയുടെ പൈതൃകം, ഉത്ഭവം,ജീവിതം,ആരാധന, ഭാവി,പുനർജൻമം,നിത്യത മുതലായ വിഷയങ്ങളാണ്.

ലോകമെമ്പാടും ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നവർ വാസ്തവത്തിൽ ക്രിസ്ത്യാനികൾ തന്നെയാണോ. ഈ ജനസമൂഹത്തെ ആര് ക്രിസ്ത്യാനികൾ എന്നു നാമകരണം ചെയ്തു. ആരെയാണ് ക്രിസ്ത്യാനികൾ എന്നു വിളിക്കേണ്ടതു. ഈ പേരിന് അർഹതപ്പെട്ടവർ ആരാണ്. ഈ ചോദ്യങ്ങൾക്കെല്ലാം വിശുദ്ധവേദപുസ്തകം ശരിയായ ഉത്തരം നൽകുന്നുണ്ട്. അപ്പോസ്തല പ്രവൃത്തി 11:26-ാം വാക്യത്തിൽ ഇങ്ങനെ വായിക്കുന്നു. ആദ്യം അന്ത്യോക്യയിൽ വെച്ച് ക്രിസ്തു ശിഷ്യൻമാർക്ക് ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി. ഒന്നാം നൂററാണ്ടിൽ യേശുവും തന്നോടു കൂടെ കാണുന്ന ശിഷ്യൻമാരും സഞ്ചരിച്ചിരുന്ന പ്രദേശങ്ങളിൽപെട്ട അന്ത്യോക്യ എന്ന സ്ഥലത്തുവെച്ച് അവിടുത്തെ ജനങ്ങൾ യേശുവിനോടു കൂടെ നടക്കുന്ന ശിഷ്യൻമാരെ ക്രിസ്ത്യാനികൾ എന്ന് സംബോധന ചെയ്തു എന്നു വെളിപ്പെടുത്തുന്നു.

അന്ന് യേശുവിനോടുകൂടെ നടന്നിരുന്ന വലിയോരു കൂട്ടം മുഴുവനും യേശുവിന്റെ ശിഷ്യൻമാരല്ലെന്ന് യേശു തന്നെ പറഞ്ഞിട്ടുള്ളത് ശ്രദ്ധിച്ചാലും. തന്നിൽ വിശ്വസിച്ച യഹൂദൻമാരോടു യേശു എന്റെ വചനത്തിൽ നിലനില്ക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യൻമാരായി സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു.(യോഹ 8:31). ഇവിടെ മൂന്നു പ്രധാനപ്പെട്ട കാര്യങ്ങൾ യേശു വ്യക്തമാക്കിയിട്ടുണ്ട്.1. യേശുവിന്റെ വചനത്തിൽ മാത്രം ആശ്രയം വെച്ച് അതിൽ നിലനില്ക്കണം. വേറെ ആരുടെയും വചനത്തിൽ ആശ്രയിക്കരുത്.2. ഇത്തരത്തിലുള്ള നിലനില്പും ആശ്രയവും സ്ഥിരതയുള്ളതായിരിക്കണം. അത്തരത്തിലുള്ളവർക്കു മാത്രമെ സത്യം അറിയുവാൻ സാധിക്കയുള്ളു. സത്യം എന്നു പറയുന്നതു യേശുക്രിസ്തുതന്നെ ആണെന്ന് താൻതന്നെ പറഞ്ഞിട്ടുണ്ട്. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. (യോഹ 14:6). 3. സത്യം മാത്രമെ നിങ്ങളെ സ്വതന്ത്രരാക്കയുള്ളു എന്നുവെച്ചാൽ സത്യം യേശു തന്നെ ആണെന്നും തനിക്കു മാത്രമെ നിങ്ങളെ സ്വതന്ത്രരാക്കുവാനും ദൈവത്തിന്റെ അടുക്കൽ കൊണ്ടുപോകുവാനും കഴിയുകയുള്ളുവെന്നും യേശു വ്യക്തമാക്കുന്നു. സ്വാതന്ത്ര്യമില്ലാത്തവർ പിശാചിന്റെ അടിമകളാണ്. അവർ പിശാച് എന്ന പിതാവിന്റെ മക്കളാണെന്നും യോഹന്നാൻ 8:44-ൽ പറയുന്നു. യേശു പറഞ്ഞ വചനങ്ങളിൽ നിന്നും അർത്ഥശങ്കയക്കിടയില്ലാതെ മനസ്സിലാക്കാവുന്നത് ഇപ്രകാരമാണ്. യേശുക്രിസ്തുവിനെ ആത്മാർത്ഥമായി രക്ഷിതാവും കർത്താവുമായി വിശ്വസിച്ച് സ്വീകരിക്കണമെന്നും താൻ മാത്രമാണ് മനുഷ്യനെ പിശാചിന്റെ അടിമത്വത്തിൽ നിന്നും സ്വതന്ത്രരാക്കി

➲6



അടുക്കൽ എത്തിക്കുന്ന ഏക മദ്ധ്യസ്ഥൻ എന്നും മരണംവരെ ഈ വിശ്വാസത്തിൽ നിലനില്ക്കുന്നവരെയാണ് യേശു തന്റെ ശിഷ്യൻമാരായി അംഗീകരിക്കുന്നതെന്നും ആകുന്നു. അത്തരത്തിലുള്ളവരെയാണ് അന്ത്യോക്യയിൽവെച്ച് അന്നത്തെ പൊതുജനം ക്രിസ്ത്യാനികൾ എന്നു വിളിച്ചതെന്നു വ്യക്തമാക്കുന്നു. അനുവാചകർ ഈ വ്യവസ്ഥ പാലിക്കുന്നില്ലെങ്കിൽ നിങ്ങൾ ക്രിസ്തുവിന്റെ ശിഷ്യൻമാരായ ക്രിസ്ത്യാനികൾ അല്ലെന്നും നിങ്ങൾക്ക് ദൈവസാന്നിദ്ധ്യം അപ്രാപ്യമാണെന്നും മനസ്സിലാക്കുവാൻ ഇടവരട്ടെ എന്നാഗ്രഹിക്കുന്നു.

ഇങ്ങനെയുള്ള ക്രിസതു ശിഷ്യൻമാരായ ക്രിസ്ത്യാനികൾ ആദ്യകാലങ്ങളിൽ എങ്ങനെ ആരാധന നടത്തിയിരുന്നുവെന്നു പരിശോധിക്കാം. അവർ സ്വരൂപംവെച്ചല്ല ആരാധിച്ചിരുന്നത്. യേശുവിന്റെ പിതാവിനെയോ മാതാവിനെയോ വണങ്ങിയിരുന്നില്ല. കൊന്തയോ കുരിശോ മററ് ഏതെങ്കിലും രൂപമോ അവർ ധരിച്ചതായും ബൈബിൾ പറയുന്നില്ല.

അന്നത്തെ വിശ്വാസികൾ പള്ളിപ്രമാണിമാരെയോ ശാസ്ത്രിമാരെയോ ഭയപ്പെട്ടു ദൈവവചനത്തെ മാനിക്കാത്തവരും അനുസരിക്കാത്തവരും ആയിരുന്നില്ലെന്നും കാണാം.(അ.പ്ര.4:18-19). പ്രിയ വായനക്കാരാ, യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വികരിച്ച് വിശുദ്ധ ബൈബിളിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ജീവിക്കുന്നുവെങ്കിൽ നിങ്ങൾ യഥാർത്ഥ ക്രിസ്ത്യാനികളാണ്. ഇല്ലെങ്കിൽ ക്രിസ്ത്യാനിയായി അറിയപ്പെട്ടാലും ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനിയായി മാത്രമെ തിരുവചനം പറയുകയുള്ളു.

## ഇങ്ങനെയുള്ളവൻ ഉയരത്തിൽ വസിക്കും

നീതിയായി നടന്നു നേർ പറയുകയും പീഡനത്താൽ ഉള്ള ആദായം വെറുക്കുകയും കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞു കളയുകയും രക്ത പാതകത്തെക്കുറിച്ചു കേൾക്കാതവണ്ണം ചെവി പൊത്തുകയും ദോഷത്തെ കണ്ടു രസിക്കാതവണ്ണം കണ്ണു അടച്ചു കളയുകയും ചെയ്യുന്നവൻ:------അവന്റെ അപ്പം അവനു കിട്ടും; അവനു വെള്ളം മുട്ടിപ്പോകയുമില്ല. (യെശ33:15-16)

**അവർ മനോഹര ദേശത്തെ... തുടർച്ച**

ദരിദ്രരോടും,ദുഃഖത്തിലും ഭാരത്തിലും ഇരിക്കുന്നവരോടും, ആവശ്യങ്ങൾ ശരിയായവണ്ണം നിവർത്തിപ്പാൻ കഴിവില്ലാത്തവരോടും,സുവിശേഷത്തിനുവേണ്ടി കഷ്ടതയും പട്ടിണിയും അനുഭവിക്കുന്നവരോടും,ദുരുപദേശങ്ങളിൽപെട്ടുഴലുന്നവരോടും ദയയും കരുണയും കാണിക്കണം. യിസ്രായേൽ ജനം നീതിയും ന്യായവും ദയയും കരുണയും ഉള്ളവരായിരിക്കണമെന്നു ദൈവം ആഗ്രഹിച്ചു. അതുകൊണ്ട് ദൈവം അവരോട് അങ്ങനെ കല്പിച്ചു. എന്നാൽ അവർ ദൈവനീതിക്കു പകരം സ്വന്ത നീതി നിവർത്തിപ്പാനും കരുണയ്ക്കു പകരം കാഠിന്യം പ്രവർത്തിപ്പാനും തുടങ്ങി. അതുകൊണ്ട് ദൈവം അവരോടു കാഠിന്യത്തോടെ പ്രവർത്തിച്ചു. ഫലമോ അവർ സ്വന്ത ദേശം വിട്ട് പാലായനം ചെയ്യേണ്ടിവന്നു. അവരുടെ ദേശം ശൂന്യമായിത്തീർന്നു. അവരെ അനുകരിച്ചതിനാൽ നമ്മുടെ പല കൂടിവരവുകളും ശൂന്യമായിത്തീർന്നു. അഥവാ നാം ശൂന്യമാക്കികളഞ്ഞു.

# അതിരുകളും ഇടർച്ചകളും

## തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഉപദേശം തെററായ സ്ഥാനത്ത് (4)

C.H. മക്കിന്റോഷ്

പരിഭാഷ- പി.ഡി.ചാക്കോ, കുറുമാത്തൂർ

ഉപദേശപരമായ ലേഖന പരമ്പര

അപ്പോൾ ചിലർ ഇങ്ങനെ ചോദിക്കാൻ താത്പര്യപ്പെട്ടേക്കാം. തിരഞ്ഞെടുപ്പു സംബന്ധിച്ച ഉപദേശം അവഗണിച്ചു കളയണമെന്നാണോ നിങ്ങൾ പറയുന്നത്. ഒരിക്കലുമല്ല. അത് അതിന്റെ ശരിയായ സ്ഥാനത്തു കാണണമെന്നു മാത്രമെ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളു. അതിനൊരു ഇടർച്ചയായിട്ടല്ല, ഒരു അതിരടയാളമായി കാണണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. സുവിശേഷകൻ സുവിശേഷം അറിയിക്കുമ്പോൾ തിരഞ്ഞെടുപ്പിനെക്കുറിച്ച് പ്രസംഗിക്കേണ്ട കാര്യമില്ലായെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പൗലോസ് ഒരിക്കലും തിരഞ്ഞെടുപ്പിനെക്കുറിച്ച് പ്രസംഗിച്ചില്ല. അവൻ തിരഞ്ഞെടുപ്പിനെകുറിച്ച് പഠിപ്പിച്ചു അല്ലെങ്കിൽ ഉപദേശിച്ചു, അതേ സമയം ക്രിസ്തുവിനെയാണ് പ്രസംഗിച്ചത്. ഇതാണ് ഈ വിഷയത്തിലെ വ്യത്യാസം. തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഉപദേശം യഥാസ്ഥാനത്തു നിന്നു മാററി ഏതെങ്കിലും രീതിയിൽ അതിനാൽ തടസ്സപ്പെട്ടു നില്ക്കുന്ന ആർക്കും ഒരു യഥാർത്ഥ സുവിശേഷകനായിരിപ്പാൻ സാധിക്കയില്ലായെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനു പകരം തിരഞ്ഞെടുപ്പിനെക്കുറിച്ചു പ്രസംഗിക്കുന്നതിനാൽ രണ്ട് വിഭാഗത്തിൽപ്പെട്ട ആൾക്കാർക്ക് ഗുരുതരമായ ദോഷം വരുത്തുന്നതായി ഞങ്ങൾക്ക് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. (രക്ഷയെക്കുറിച്ച്) ഗൗരവത്തോടെ ചിന്തിക്കാത്ത പാപികൾ കുറേക്കൂടെ ഗൗരവ ബോധമില്ലാത്തവരായിത്തീരുന്നു.(തിരഞ്ഞെടുപ്പ് സംബന്ധിച്ച്) ഉത്ക്കണ്ഠാകുലാരായ ആത്മാക്കളുടെ ഉത്ക്കണ്ഠ പിന്നെയും വർദ്ധിക്കുന്നു.

ഇവ തീർച്ചയായും ദുഃഖകരമായ ഫലങ്ങളാണ്. ക്രിസ്തുവിന്റെ സുവിശേഷത്താൽ പ്രകാശിക്കുന്ന സൗജന്യവും പൂർണ്ണവുമായ രക്ഷയുടെ സത്യപ്രഘോഷകരായിരിക്കുവാൻ ആഗ്രഹിക്കുന്ന സകലരുടെയും ഹൃദയത്തിൽ വളരെ ഗൗരവമേറിയ ചിന്തകൾ ഉണർത്തുവാൻ ഇവ (ഈ ദുഃഖ ഫലങ്ങൾ) ഇടയാക്കേണ്ടതാണ്. സുവിശേഷം, അത് ശ്രവിക്കുന്ന സകലരെയും ഒഴിവുകഴിവിന്റെ ഒരു നിഴൽപോലും ശേഷിപ്പിക്കാതെ അത്രയും പൂർണ്ണമായ രക്ഷയെക്കുറിച്ചു പ്രകാശിപ്പിക്കുവാൻ മതിയായതാണ്. സുവിശേഷകന്റെ മഹത്‌വേലയെന്നു പറയുന്നത്, ദൈവത്തിന്റെ പരിപൂർണ്ണ സ്നേഹത്തെയും ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ പാപമോചനത്തെയും പരി ശുദ്ധാത്മ നിയോഗത്താൽ രചിക്കപ്പെട്ട സത്യ വചനത്തെയും കുറിച്ച് തന്റെ പ്രസംഗത്തിലൂടെ വെളിപ്പെടുത്തുക എന്നുള്ളതാണ്.അവന്റെ ആത്മാവ് പൂർണ്ണമായും ഉപദേശ നിശ്ചയത്തോടു കൂടെ

➲8



ഒരുക്കപ്പെട്ടതും അവൻ അറിയിക്കുന്ന സുവിശേഷം വ്യക്തമായതുമായിരിക്കണം. എല്ലാവർക്കും തൽസമയം സൗജന്യമായി ലഭിക്കുന്ന വർത്തമാനകാല രക്ഷയെ കുറിച്ചാണ് അവൻ പ്രസംഗിക്കേണ്ടത്. ആ രക്ഷ ഉറപ്പേറിയതും സ്ഥിരവുമാണ്. ദൈവം തന്റെ പുത്രന്റെ മരണത്തെ വെളിപ്പെടുത്തിയ ഹൃദയ രഹസ്യങ്ങളെ പരിശുദ്ധത്മാവ് രേഖപ്പെടുത്തിത്തന്നിരിക്കുന്നതാണ് സുവിശേഷം.

ഈ കാര്യം കൂടുതൽ ശ്രദ്ധയോടെ മനസ്സിൽ സദാ സൂക്ഷിച്ചിരിക്കുന്നുവെങ്കിൽ സുവിശേഷ സന്ദേശത്തെ ഗൗരവമായി കാണാത്ത കൂട്ടരുടെ പതിവു തടസ്സ വാദങ്ങൾക്കും തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഉത്ക്കണ്ഠയാൽ ഭാരപ്പെട്ടിരിക്കുന്നവരുടെ ആശങ്കകൾക്കും മറുപടി പറയുവാൻ കൂടുതൽ ശക്തിയുണ്ടായിരിക്കും. ആദ്യം പറഞ്ഞ കൂട്ടർക്കു തടസ്സം ഉന്നയിക്കുവാൻ യാതൊരു ന്യായവും കാണുകയില്ല; രണ്ടാമത്തെ കൂട്ടർക്കു ഭയപ്പെടുവാൻ യാതൊരു കാരണവും അവശേഷിക്കയുമില്ല. ദൈവത്തിന്റെ വ്യക്തമായ വിധി നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യർ സുവിശേഷം തള്ളിക്കളയുമ്പോൾ അവർ വെളിപ്പെടുത്തിത്തന്നിരിക്കുന്ന സത്യങ്ങളെ അറിഞ്ഞിരിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ തള്ളിക്കളയുകയാണ് ചെയ്യുന്നത്. അവർക്ക് ദൈവത്തിന്റെ വിധി നിർണ്ണയങ്ങളെ സംബന്ധിച്ച് എന്താണ് അറിയാൻ സാദ്ധ്യതയുള്ളത്. ഒന്നും അറിയില്ല. പിന്നെ എങ്ങനെയാണ് വെളിപ്പെടുത്തിത്തന്നിട്ടുള്ളതിനെ തള്ളിക്കളയുവാൻ മർമ്മമായിരിക്കുന്നതിനെ അല്ലെങ്കിൽ രഹസ്യമായിരിക്കുന്നതിനെ കാരണമായി പറയുവാൻ സാധിക്കുന്നത്. എന്തുകൊണ്ടാണ് അറിയാൻ സാദ്ധ്യമാക്കുന്ന കാര്യങ്ങളെ അറിയാൻ അസാദ്ധ്യമായിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു കളയുന്നത്. മനുഷ്യർ വിശ്വസിക്കുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങളിലൊന്നും അവർ ഇങ്ങനെ ചെയ്യുകയില്ലായെന്നത് വ്യക്തമാണ്. ഒരു മനുഷ്യൻ ഒരു കാര്യം വിശ്വസിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു കരുതുക, അതിനെതിരായി എന്തെങ്കിലും തടസ്സങ്ങൾക്കുള്ള കാരണങ്ങൾ അവൻ താത്പര്യ പൂർവം അന്വേഷിച്ചുകൊണ്ടിരിക്കുന്നതായി കാണുവാൻ സാധിക്കുകയില്ലേ. എന്നാൽ കഷ്ടം. മനുഷ്യർ ദൈവത്തിൽ വിശ്വസിക്കുവാനാഗ്രഹിക്കുന്നില്ല. അവർ മദ്ധ്യാഹ്ന സൂര്യശോഭപോലെ തെളിഞ്ഞ ദൈവത്തിന്റെ വിലയേറിയ സാക്ഷ്യത്തെ തള്ളിക്കളഞ്ഞുകൊണ്ട് അങ്ങനെ ചെയ്യുന്നതിനു ന്യായം കണ്ടെത്തുവാൻ ശ്രമിക്കുന്നു, അഭേദ്യമായ അന്ധകാരത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്ന അവന്റെ ദൈവത്തിന്റെ വിധി നിർണ്ണയങ്ങളിൽ എന്തൊരു ഭോഷത്വം, എന്തൊരു അന്ധത, അപരാദം.

അടുത്തതായി തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള സംശയങ്ങളാൽ തങ്ങളെത്തന്നേ വിഷമസ്ഥിതിയിലാക്കിയിരിക്കുന്ന ഉത്ക്കണ്ഠാകുലരായവരോട്, അവർ ഇങ്ങനെ ഇത്തരത്തിൽ ആശങ്കപ്പെടുന്നത് ദൈവം തന്റെ ഹൃദയത്തിൽ നിന്നുവെളിപ്പെടുത്തിത്തന്നിരിക്കുന്ന സത്യങ്ങൾക്കനുസൃതമല്ലെന്ന് കാണിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ദൈവം അവരോട് സംസാരിക്കുന്നത് അവൻ അവരോടു കണ്ടുകൊണ്ടിരിക്കുന്നതും അവർക്ക് സ്വയം കാണുവാൻ കഴിയുന്നതുമായ അതേ അവസ്ഥയിലാണ്. അവൻ അവരെ പാപികൾ എന്ന നിലയിലാണ് വിളിക്കുന്നത്.യഥാർത്ഥത്തിൽ അവർ ആയിരിക്കുന്നത് ഈ അവസ്ഥയിലാണ്. ഒരു പാപിയെന്ന നിലയിലുള്ള തന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് അംഗീകരിച്ച് ഏററു പറയുന്ന അതേ നിമിഷം തന്നെ ഏതൊരു പാപിക്കും രക്ഷയുണ്ട്.

➲9

**അതിരുകളും...ഇടർച്ചകളും... തുടർച്ച**

ഇത് ഏതൊരു സാധാരണ വ്യക്തിയെ സംബന്ധിച്ചിടത്തോളവും ലളിതമായ ഒരു യഥാർത്ഥത്തിൽ അവർ ആയിരിക്കുന്നത് ഈ അവസ്ഥയിലാണ്. ഒരു പാപിയെന്ന നിലയിലുള്ള തന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് അംഗീകരിച്ച് ഏററു പറയുന്ന അതേ നിമിഷംതന്നെ ഏതൊരു പാപിക്കും രക്ഷയുണ്ട്. ഇത് ഏതൊരു സാധാരണ വ്യക്തിയെ സംബന്ധിച്ചിടത്തോളവും ലളിതമായ ഒരു കാര്യമാണ്. തിരഞ്ഞെടുപ്പിനെക്കുറിച്ച് ചോദ്യം ഉന്നയിച്ചുകൊണ്ടിരിക്കുന്നത് കേവലം അവിശ്വാസം മൂലമാണ്. മറെറാരു വിധത്തിൽ പറഞ്ഞാൽ ഇതു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതിനെ മറഞ്ഞിരിക്കുന്നതിന്റെ പേരിൽ തള്ളിക്കളയുന്ന പ്രവൃത്തിയാണ്; അറിയാൻ കഴിയുന്ന സത്യം അറിയാൻ സാധിക്കാത്തതിന്റെ പേരിൽ തിരസ്ക്കരിക്കുന്ന നടപടിയാണ്.

നാം ദൈവത്തെ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നതിനായി ദൈവം യേശുക്രിസ്തുവിലൂടെ തന്നെത്താൻ വെളിപ്പെടുത്തിത്തന്നു. കൂടാതെ നമ്മുടെ സകല ആവശ്യങ്ങൾക്കും സകല അകൃത്യങ്ങൾക്കും മതിയായ പൂർണ്ണ കരുതലുകൾ ക്രൂശിൽ നിർവഹിക്കപ്പെട്ട പാപപരിഹാര ബലിയിൽ ദൈവം ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനാൽ ഞാൻ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാൾ ആണോ. എന്ന ചിന്തയാൽ ഉത്ക്കണ്ഠപ്പെട്ടു കഴിയുന്നതിനേക്കാൾ ദൈവത്തിന്റെ പരിപൂർണ്ണ സ്നേഹത്തിനും ക്രിസതുവിന്റെ സകല സമ്പൂർണ്ണതയിലും പരിശുദ്ധാത്മാവിന്റെ വിശ്വസ്ത രേഖയായ വിശുദ്ധ ദൈവചവചനത്തിലും ആശ്രയം വെക്കുക എന്നതാണ് ഒരാൾക്ക് സന്തോഷകരമായ അനുഭവമായിരിക്കുക.

ദൈവജനത്തിന്റെ പ്രയാണ മാർഗ്ഗത്തിൽ നിന്നും നീക്കി കളയേണ്ടതായ മററ് ഇടർച്ചകളും, കാഴ്ചയിൽ നിന്നും മറഞ്ഞു കിടക്കുന്ന അതിരടയാളങ്ങളും ഉണ്ടെങ്കിലും ഞങ്ങൾ ഈ ചിന്ത ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

## ബ്രദർ: ജെ.സി.ദേവിന്റെ തിരിച്ചുവരവ്

ബ്രദർ. ജെ.സി.ദേവ് പെന്തക്കോസ്തിൽ നിന്നും ബ്രദറൺ സഭയിലേക്കു തിരിച്ചു വന്നുവെന്നത് സ്വാഗതാർഹം തന്നെ. ബ്രദറൺ സഭയിൽ നിന്നും പെന്തക്കോസ്തിലേക്കു പോയപ്പോൾ ഹാപ്പി വോയ്സ് ശക്തമായ ഭാഷയിൽ ബ്രദർ:ദേവിനെ വിമർശിച്ചിരുന്നു. ഇപ്പോൾ തിരിച്ചുവന്നുവെന്നു കേട്ടതിൽ ഹാപ്പിവോയ്സ് അതിയായ സന്തോഷം പ്രകടിപ്പിക്കയും അഭിനന്ദിക്കയും ചെയ്യുന്നു.

ചില വർഷങ്ങൾക്കു ശേഷം ബ്രദറൺ സഭയിലേക്കു തിരിച്ചുവരുമ്പോൾ, തിരിച്ചുവരുവാനുള്ള കാരണവും പെന്തക്കോസ്തിൽ ആയിരുന്നപ്പോൾ എഴുതിയ ചില ലേഖനങ്ങളോടുള്ള വിശദീകരണവും നിരപ്പിന്റെ ശുശ്രൂഷകർ ആരെന്നും ഒക്കെയുള്ള ഒരു പ്രസ്താവന ബ്രദറൺ വിശ്വാസികളെ അറിയിക്കുന്നത് യോഗ്യമായ കാര്യം തന്നെയാണ്. അത് ചെയ്യുമെന്നു ഞങ്ങളും വിശ്വസിക്കുന്നു.

കുറുക്കുവഴിയിലൂടെ അകത്തുകയറാതെ ശരിയായ പാതയിലൂടെ കടന്നുവരുന്നത് ബ്രദർ.ദേവിനെപ്പോലുള്ളവർക്ക് കരണീയമായിട്ടുള്ളത്. ഒരു പ്രാദേശിക സഭ സ്വീകരിച്ചുവെന്നത് ശരിതന്നെ. എന്നാൽ ശരിയായ നിലയിലുള്ള ഒരു വ്യക്തത ഈ വിഷയത്തിൽ വരുത്തേണ്ടത് ബ്രദർ.ദേവിന്റെ ശുശ്രൂഷകൾക്കു സഹായകരമാകും. ഇല്ലെങ്കിൽ വിമർശനങ്ങൾ തുടർച്ചയായി ഏററുവാങ്ങേണ്ടതായി വരും. ദൈവം ബ്രദർ.ദേവിനെയും കുടുംബത്തെയും അനുഗ്രഹിക്കുമാറാകട്ടെ. **(സൈമൺ പയ്യന്നൂർ)**



# സുവിശേഷകൻ താമസിക്കേണ്ടുന്ന വീട്

**E.P.VARGHESE-ANGAMALY**

**ഒ**രു ഗ്രാമത്തിൽ ചെന്നാൽ അവിടെ യോഗ്യൻ ആരാണെന്ന് അന്വേഷിച്ച് ആ വീട്ടിൽ ചെന്നു താമസിക്കണമെന്നാണ് കല്പന. ഈ നിർദ്ദേശത്തിന്റെ സാമാന്യ സ്വഭാവത്തിൽ നിന്നും ഒരു സുവിശേഷകൻ കണ്ടിടത്തെല്ലാം വലിഞ്ഞു കയറി ചെല്ലുവാൻ പാടില്ലെന്ന് മനസ്സിലാക്കാം. അവർ സാക്ഷാൽ യോഗ്യൻമാരാകയാൽ യോഗ്യൻമാരുടെ വീട്ടിൽ മാത്രമെ കയറിച്ചെല്ലാവൂ. യോഗ്യൻമാരുടെ വീട്ടിൽ വേണം താമസിപ്പാൻ എന്നൊരു വിചാരമുണ്ടാകണമെങ്കിൽ തങ്ങളിൽതന്നെ ചില യോഗ്യതകൾ ഉണ്ടായിരിക്കണം. ഏതൊരു മാനദണ്ഢം കൊണ്ടാണ് ഈ യോഗ്യതകൾ അളക്കേണ്ടതെന്ന കാര്യം വളരെ സൂക്ഷിച്ചേ തീരുമാനിക്കാവൂ. നിങ്ങൾ ഏതെങ്കിലും ഒരു ഗ്രാമത്തിൽ ചെന്നാൽ അവിടെ പണക്കാരൻ ആരെന്നന്വേഷിച്ച് ആ വീട്ടിൽ ചെന്നു പാർത്തുകൊള്ളുക എന്നു കർത്താവ് കല്പിച്ചിട്ടില്ല. അതുപോലെ മററ് ഏതെങ്കിലും യോഗ്യതകൾ കർത്താവ് നിർദ്ദേശിച്ചതായും കാണുന്നില്ല. ഒരു ദൈവദാസൻ യോഗ്യതയായി കാണുന്നതു ധനമോ, മാനമോ, ഉദ്യോഗമോ മററു ലൗകിക പ്രതാപങ്ങളോ അല്ലെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. ഈ കാര്യത്തിൽ നമുക്കു പല മാതൃകകളും തിരുവചനത്തിൽ ഉണ്ട്.

ദൈവം തന്റെ ദാസനായ ഏലിയാവിനെ സീദോനിൽ സരെപ്തയിലെ ഒരു വിധവയുടെ വീട്ടിലേക്ക് പറഞ്ഞയച്ചു. യിസ്രായേലിൽ അനേകം വിധവമാരുണ്ടായിരുന്നു. അവരിൽ ആരുടെ അടുക്കലേക്കും ദൈവം ഏലിയാവിനെ അയച്ചിട്ടില്ലെന്നു നമ്മുടെ കർത്താവ് എടുത്തു പറഞ്ഞിരിക്കുന്നത് നാം പ്രത്യേകം കുറിക്കൊള്ളേണ്ടതാണ്. യിസ്രായേലിലെ വിധവമാരുടെ അയോഗ്യതയെ കർത്താവ് അതിനാൽ ചൂണ്ടികാണിക്കയും പുറംജാതിക്കാരത്തിയായ സരെപ്തക്കാരിയുടെ യോഗ്യതയെ വെളിപ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നു. സരെപ്തക്കാരിയുടെ യോഗ്യത, അവൾക്കുണ്ടായിരുന്ന സ്വത്തോ,കുലശ്രേഷ്ഠതയോ, ആഭിജാത്യമോ അതുപോലെയുള്ള മററുവല്ലതുമോ ആയിരുന്നില്ല. ആദ്യത്തെ അപ്പം എനിക്കു തരിക എന്നുള്ള പ്രവാചകന്റെ ആജ്ഞയെ മഹാദാരിദ്ര്യത്തിന്റെ ആപാരമ്യത്തിൽപോലും അക്ഷരംപ്രതി അനുസരിക്കുന്ന ശ്രേഷ്ഠ സ്വഭാവമായിരുന്നു അവൾക്കുണ്ടായിരുന്ന യോഗ്യത. കലത്തിൽ മാവും ഭരണിയിൽ എണ്ണയും കുറവായിരുന്നുവെങ്കിലും പ്രവാചകനുള്ള അപ്പത്തിന്റെ വലിപ്പം ഒട്ടും കുറയ്ക്കാമെന്നവൾ വിചാരിച്ചില്ല.

ഏലിശയുടെ അനുഭവത്തിലും നമുക്കു ഇതു കാണാവുന്നതാണ്. എന്നാൽ പല കാര്യങ്ങളിലും വ്യത്യാസമുണ്ട്. പിന്നെത്തേതിൽ അവൻ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിന് അവിടെ കയറും എന്നു പറഞ്ഞിരിക്കുന്ന വീട് ശൂനേം കാരിയുടേതാണ്. സരെപ്തക്കാരി ഒരു വിധവ. പാവപ്പെട്ട ഒരു വിധവയായിരുന്നു. ശൂനേം കാരിയോ അവൾ വിധവയായിരുന്നില്ല. അവൾ ധനികയായായ ഒരു സ്ത്രീയായിരുന്നു.

➲11

അവളുടെ ധനം ഒരു അയോഗ്യതയായിരുന്നില്ല. ഏലീശയെ അവൾ സ്വീകരിച്ച വിധത്തിൽ സരെപ്ത്തക്കാരിയിൽ എന്നപോലെതന്നെ അവളുടെ യോഗ്യത തെളിഞ്ഞു കാണാവുന്നതാണ്. നമ്മുടെ കർത്താവ് ഈ ലോകത്തിൽ സഞ്ചരിക്കുന്ന കാലത്ത് അവിടുന്ന് പോകാറുണ്ടായിരുന്ന താമസിക്കാറുണ്ടായിരുന്ന ചില വീടുകളുണ്ടായിരുന്നു. അവയിൽ ഒന്നാണ് ബേഥാന്യയിലെ മറിയയുടെ വീട്.

ഒരു വീട്ടുകാരനുണ്ടായിരിക്കേണ്ട യോഗ്യതയുടെ സാമാന്യ രൂപം വ്യക്തമായെന്നു കരുതുന്നു. എന്നാൽ ഈ വക യോഗ്യതകളെ യോഗ്യതയായി കാണുന്നതിനുള്ള യോഗ്യത വേലക്കാർക്കുണ്ടായിരിക്കുക എന്നതാണ് പ്രകൃതത്തിൽ സർവ പ്രധാനമായ വിഷയം. ചോറ് നീട്ടുന്നിടത്തൊക്കെ കൊട്ട കാണിക്കുന്ന ഒട്ടുവളരെ ആളുകൾ വേലക്കാരുടെ കൂട്ടത്തിൽ കടന്നു കൂടിയിട്ടുണ്ടെന്ന് വ്യസന സമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സുവിശേഷകൻമാർ വയറിനായി നടക്കുന്നവരാണെന്നും ക്രിസ്തുവേദം ചോററു വേദമാണെ ന്നും സുവിശേഷത്തിന്റെ ശത്രുക്കൾ പറഞ്ഞുണ്ടാക്കിയതാണെങ്കിലും അങ്ങനെ അവർക്ക് തോന്നിപ്പോകത്തക്ക ചില കാര്യങ്ങൾ സുവിശേഷവേലക്കാർ എന്നും പറഞ്ഞു നടക്കുന്ന ചിലരോടുള്ള ബന്ധത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതിനു നിഷേധിക്കുവാൻ നിർവാഹമില്ല.

ഈ വസ്തുതയെ തെളിയിക്കുന്ന അനവധി സംഭവങ്ങൾ ഉദ്ധരിക്കാവുന്നതാണെങ്കിലും അടുത്ത കാലത്തുണ്ടായ ഒരു കാര്യം മാത്രം പറയാം. ഒരിടത്തു ----സ്ഥലം എഴുത്തുകാരനു അറിയാവുന്നതാണ്. ഒരു സുവിശേഷ വേലക്കാരൻ ചെന്നു താമസിച്ച് വീടുകളിൽ ചില യോഗങ്ങൻ നടത്തി. ഈ സുവിശെഷകൻ അവിടെയുള്ളവർക്ക് പരിചിതനായിരുന്നില്ല. എങ്കിലും സുവിശേഷത്തിന്റെ പേരിൽ വന്ന ആളാകയാൽ അദ്ദേഹത്തെ സ്വീകരിച്ചു വെന്നേയുള്ളു. ചില യോഗങ്ങൾ നടന്നു കഴിഞ്ഞപ്പോഴേക്കും അദ്ദേഹത്തെ എങ്ങനെയും പറഞ്ഞയക്കണമെന്നു അദ്ദേഹം തീരുമാനിച്ചു. ഒരു ദിവസം യോഗത്തിനായി രാവിലെ പുറപ്പെട്ടപ്പോൾ സുവിശേഷകനോട് അദ്ദേഹം ആ വീട്ടിൽവെച്ചിരിക്കുന്ന സഞ്ചിയും കൂടെ എടുത്തുകൊള്ളുവാൻ പറഞ്ഞു. സഞ്ചി ഇപ്പോൾ എടുക്കേണ്ടതില്ലല്ലോ എന്നു ഉപദേശി പറഞ്ഞപ്പോൾ വീട്ടുടമസ്ഥൻ, യോഗം കഴിഞ്ഞ് ഉപദേശിക്ക് ആ വഴിതന്നെ പോകമെന്നു മറുപടികൊടുത്തു. അതിനു അദ്ദേഹം രക്ഷയുടെ അനുഭവംവരെയുള്ള കാര്യങ്ങളെ പറഞ്ഞു കഴിഞ്ഞുള്ളു. ഇനി സ്നാനം മുതലായ കാര്യങ്ങൾ എല്ലാം പറഞ്ഞു തീരണമെങ്കിൽ കുറച്ചു ദിവസങ്ങൾ കൂടെ വേണമെന്നാണ് പറഞ്ഞത്. അതിനു വീട്ടുകാരൻ ഞങ്ങൾ ഒക്കെ സ്നാനപ്പെട്ടവരാകകൊണ്ട് അതൊക്കെ ഇപ്പോൾ പറഞ്ഞേ തീരുവെന്നില്ല എന്നൊക്കെ പറഞ്ഞ് ഒരു പ്രകാരത്തിൽ ഉപദേശിയെ പറഞ്ഞയച്ചു. ഇത്തരത്തിൽപ്പെട്ടവർ അധികംപേരുണ്ടെന്നു ഞാൻ കരുതുന്നില്ല. എന്നാൽ ഒരു സുവിശേഷകനുണ്ടായിരിക്കേണ്ടുന്ന ആത്മ പ്രാഗത്ഭ്യവും അഭിമാനവും ശരിയായി അറിയുന്നവരും അതിനെ യോഗ്യമായ അളവിൽ പുലർത്തുന്നവരും തുലോം കുറവാണെന്നാണ് തോന്നുന്നത്. ഒരു സുവിശേഷ വേലക്കാരൻ എല്ലാവർക്കും വേണ്ടിടത്തു ദാസനായിരിക്കുമെങ്കിലും യാതൊരു മനുഷ്യന്റെയും മുമ്പിൽ കുനിഞ്ഞു നില്ക്കേണ്ടുന്നവനല്ല. അവൻ പലരുടെ വീടുകളിൽ താമസിച്ചെന്നു വരും. എന്നാൽ അത് അയോഗ്യൻമാരുടെ വീടുകളിൽ ആയിരിക്കരുത്. അന്യൻമാരുടെ ആഹാരം അനുഭവിച്ചേക്കാം. എന്നാൽ ഒരിക്കലും

➲12



# ദുർന്നടപ്പുകാർ ഔട്ട്

ലൈംഗികാരോപണവിധേയരായ നേതാക്കൻമാരെ തിരഞ്ഞെടുപ്പ് പ്രചരണത്തിൽ നിന്നും ഒഴിവാക്കിയും,സ്റേറജുകളിൽ ഇരുത്താതെയും കേരളത്തിലെ മിക്ക രാഷ്ട്രീയ പാർട്ടികളും മാതൃക കാണിക്കുകയാണ്. ഇത്തരത്തിലുള്ള പ്രവൃത്തികൾ അഭിനന്ദനാർഹംതന്നെ.

ബ്രദറൺ സമൂഹത്തിലുള്ളവർക്ക് ഈ രാഷ്ട്രീയ പാർട്ടികളുടെ മര്യാദയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ദുർന്നടപ്പിന്റെ വ്യക്തമായ തെളിവുകളുള്ള ചിലരെ ശുശ്രൂഷയ്ക്ക് വിളിക്കുകയും ഇങ്ങനെയുള്ളവരുമായി സ്റേറജുകൾ പങ്കിടുവാനും മടികാണിക്കാത്ത കേമൻമാരും വിശ്വാസികളും നമ്മുടെ മദ്ധ്യത്തിൽ ഉണ്ട്.

സ്വവർഗ്ഗരതിയിൽ പിടിക്കപ്പെട്ടവരും പരസ്ത്രീ ബന്ധത്തിൽ തുടരുന്നവരും ദുർഃന്നടപ്പ് ആചരിക്കുന്നവരുമായവർക്കെതിരെ ശിക്ഷണനടപടി എടുക്കാതെ സ്വന്തബന്ധത്തിന്റെയും പണത്തിന്റെയും അഹങ്കാരത്തിൽ ആത്മീയതയുടെ കുപ്പായം അണിഞ്ഞ് സ്വദേശത്തും വിദേശത്തും ഊടാടി സഞ്ചരിക്കുന്ന വിശുദ്ധ ദുർന്നടപ്പുകാരെ ദൈവജനം തിരിച്ചറിയുന്നില്ലായെന്നത് നമ്മുടെ സമൂഹത്തിലുള്ള ചിലരുടെ ആത്മിയ തിമിരത്തെയാണ് വ്യക്തമാക്കുന്നത്.

നമ്മുടെ ചില പ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കുന്ന ചിലർ മേൽപ്പറഞ്ഞ രീതിയിൽ കളങ്കതിരായവരാണ്. ബാലികാബാലൻമാരെയും യുവതീയുവാക്കളെയും ഒക്കെ ക്യാമ്പുകൾക്കും മററു ആത്മീയ പ്രവർത്തനങ്ങൾക്കും ഒക്കെ ഭവനങ്ങളിൽ നിന്നും പറഞ്ഞയക്കുന്ന മാതാപിതാക്കൾ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പങ്കെടുക്കുന്ന കുഞ്ഞുങ്ങളെയും യുവതീയുവാക്കൻമാരെയും ആത്മീയരായവർ “കൗൺസിലിംഗിന്”’വിധേയമാക്കിയാൽ മാതാപിതാക്കളിൽ നിന്നും നമ്മുടെ പല ലീഡേർസിനും കരണത്തടി ഉറപ്പ്.(ആത്മീയ കാഴ്ചപ്പാടോടുകൂടി ശുശ്രൂഷ ചെയ്യുന്നവരെ ഇവിടെ വിസ്മരിക്കുന്നില്ല). സ്ത്രീകൾക്കു എസ്.എം.എസ് ചെയ്യുന്ന വിശുദ്ധൻമാരും ഇത്തരത്തിലുള്ളവരെ സംരക്ഷിക്കുന്ന അതിവിശുദ്ധൻമാരും നമ്മുടെയിടയിൽ ഉണ്ട്.

ഈ അടുത്ത സമയങ്ങളിലായി ഞങ്ങൾക്കു ലഭിച്ച ഇത്തരത്തിലുള്ള വിഷയങ്ങൾ ഞെട്ടൽ ഉളവാക്കുന്നതാണ്. പ്രായമുള്ളവരെപോലും വിശ്വസിക്കാൻ പററില്ലാ ബ്രദറേ എന്നാണ് ഒരു സഹോദരൻ ഒരു വിഷയത്തോടുള്ള ബന്ധത്തിൽ ഈ ലേഖകനോടു പറഞ്ഞത്.

പ്രിയ ദൈവജനമെ, ദുർന്നടപ്പുകാരെ സഭയിൽ നിന്നും ശുശ്രൂഷയിൽ നിന്നും മാററി നിർത്തുക. ഇത്തരത്തിലുള്ളവരുമായി വേദി പങ്കിടാതിരിക്കുക. ഇത്തരത്തിലുള്ളവരുടെ നേതൃത്വത്തിൽ നടക്കുന്ന കൂട്ടായ്മകളിലേക്ക് കുഞ്ഞുങ്ങളെ വിടാതിരിക്കുക. **(SP)**

**സുവിശേഷകൻ താമസിക്കുന്ന വീട്... തുടർച്ച**

അർഹതയില്ലാതെ അനുഭവിക്കുന്നവരാകരുത്. തരംകിട്ടുന്നിടത്തു താമസിക്കുവാൻ പുറപ്പെട്ട ന്യായാധിപൻമാരുടെ പുസ്തകത്തിലെ ലേവ്യന്റെ കൂട്ടുകാരല്ല അവർ. സുവിശേഷകൻമാർ ഏററവും വിനയമുള്ളവർ ആയിരിക്കുമ്പോൾ തന്നെ എത്രയും പ്രാഗത്ഭ്യമുള്ളവരുമായിരിക്കണം. ഈ രണ്ടു കാര്യങ്ങളും ഒരുമിച്ചു പോകു ന്നതിലാണ് വിഷമമുള്ളത്. എനിക്കറിയാവുന്നിടത്തോളം ഇവ രണ്ടും ഇണങ്ങി ചേർന്നിട്ടുള്ളവർ തുലോം കുറവുതന്നെയാണ്. വിനയമുള്ളവർ പ്രാഗ ത്ഭ്യമുള്ളവരല്ല. പലരുടെയും പ്രാഗത്ഭ്യം, നിഗളം, നിറം മാറി കാണുന്നതു മാത്രമാണ്. മറയില്ലാത്ത പ്രാഗത്ഭ്യം തങ്കത്തെക്കാൾ വില കൂടിയതാണ് സംശയമില്ല.(തുടരും)

# മഹാരാഷ്ട്രയിലെ പരസ്യപ്രവർത്തനം

ദൈവത്തിന്റെ അളവററ കൃപയാൽ മാർച്ച് 10,11,12 തീയതികളിൽ മഹാരാഷ്ട്രയിലെ നന്തൂർബാർ ജില്ലയിലെ കാൺപാരയിലും മററ് മൂന്നു ഗ്രാമങ്ങളിലും അവിടെയുള്ള 11 സുവിശേഷകൻമാരുടെ സഹകരണത്തോടെ വിവിധ ആത്മീയ ശുശ്രൂഷകൾ നടത്തുവാൻ കർത്താവ് സഹായിച്ചു. ഗുജറാത്തിൽ നി ന്നും 7 സുവിശേഷകൻമാരെ കൂടാ തെ ഈ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രാദേശിക ഭാഷക്കാരായ (മറാത്തി) 10 സുവിശേഷകൻമാരും മൂന്നു ദിവസവും പ്രവർത്തനങ്ങളിൽ സഹകരിച്ചു.



ടീമംഗങ്ങൾ

മൂന്നു ദിവസവും മൂന്നു ഗ്രാമങ്ങളിലായി സുവിശേഷയോഗങ്ങൾ നടത്തുവാൻ കർത്താവ് സഹായിച്ചു. ഓരോ ഗ്രാമങ്ങളിലും നൂറുക്കണക്കിനു പേരാണ് വചനം കേൾക്കുവാനായി കടന്നുവന്നത്. മാത്രമല്ല, സുവിശേഷകൻമാർക്കുവേണ്ടിയുള്ള മീററിംഗും നടത്തുവാൻ കർത്താവ് സഹായിച്ചു.



മറാത്തി സുവിശേഷകൻമാർ

ബ്രദർ. ജയൻ വർഗ്ഗീസ്സാണ് പ്രവർത്തനത്തിനയി ഞങ്ങളെ ക്ഷണിച്ചത്.ബ്രദർ.ജയൻ വർഗ്ഗീസ്സ് കുടുംബമായിഇവിടെ താമസിച്ച് അനുഗ്രഹീത ശുശ്രൂഷയാണ് ഈ ഭാഗങ്ങളിൽ ചെയ്തു വരുന്നത്. വലിയ സൗകര്യങ്ങളൊന്നും ഇല്ലാത്ത ഒരു ഗ്രാമത്തിലാണ് സഹോദരൻ താമസിക്കുന്നത്. നല്ല ഒരു സംഘാടകനും നന്നായി കീബോർഡ് വായിക്കുവാനറിയുന്ന വ്യക്തിയുമാണ് ബ്രർ.ജയൻ. തനിക്കുള്ള സൗണ്ടു ബോക്സും അനുബന്ധ ഉപകരണങ്ങളും ദൈവനാമമഹത്വത്തിനായി ഉപയോഗിച്ചു വരുന്നു.



സുവിശേഷം ശ്രവിക്കുന്നവർ

പരിമിതികൾ പലതുണ്ടെങ്കിലും സുവിശേഷത്തിന്റെ വ്യാപ്തിക്കായി തന്നെത്തന്നെ സമർപ്പിക്കുന്ന ഒരു കാഴ്ച ഞങ്ങൾക്ക് നേരിട്ടു കാണുവാൻ സാധിച്ചു. ഈ സഹോദരന്റെ കഴിവുകൾ മഹാരാഷ്ട്രയിലും ആ സംസ്ഥാനത്തോടു ചേർന്നു കിടക്കുന്ന ഗുജറാത്തിലെ സ്ഥലം സഭകൾക്കും ശുശ്രൂഷകൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. ഈ സഹോദരനെയും കുടുംബത്തെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.**JAYAN VARGHESE,EVANGELIST, KHANDBARA.PO. NANDURBAR(DT),MS. M- 09404189116**



# രാജാവിന്റെ വേലയിൽ



K.M.Samuel & Omana samuel

ബ്രദർ.കെ.എം.ശാമുവേലിനെ പൂർണ്ണസമയ സുവിശേഷകനായി നെയ്റോബി(ആഫ്രിക്ക)യിലെ ഹോപ്പ് ബൈബിൾ ചാപ്പൽ കമന്റ് ചെയ്തിരിക്കുന്നു. ഏഷ്യയിൽ നിന്നും ആദ്യമായാണ് ഒരു വ്യക്തിക്ക് ഈ സഭ കമന്റേഷൻ ലററർ കൊടുക്കുന്നത്. ഒരു എൻ.ജി.ഓ യിൽ ചില വർഷങ്ങളായി ഈ സഹോദരൻ അവിടെ പ്രവർത്തി ച്ചുവരികയായിരുന്നു. ആഫ്രിക്കയിലെ സുവിശേഷ പ്രവർത്തനത്തിനു സഹോദരന്റെ കഴിവുകൾ തീർച്ചയായും മുതൽക്കൂട്ടാകും. സഹോദരനെയും കുടുംബത്തെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക. ബന്ധപെടേണ്ട നമ്പർ- 254 756 322 224, 254 736 922 224. ഇ മെയിൽ- drsamuelkm@yahoo.com. സഭയ്ക്കുവേണ്ടി,

ISHMAEL OCHIENG,ELISHA ADUMA.

## T.A.JOSHY- ITTARSI -MP

സി.എസ്. ഐ സമുദായത്തിൽ നിന്നും രക്ഷിക്കപ്പെട്ടു 1994-ൽ മൂവാററുപുഴ ബ്രദറൺ സഭയോടു ചേരുവാനിടയായി. രണ്ടു വർഷത്തെ ബൈബിൾ സ്കൂൾ പഠനം കഴിഞ്ഞ് മദ്ധ്യപ്രദേശിലെ സീഹോറിൽ പ്രവർത്തിക്കുന്ന ബെന്നി ചരലിനോടു ചേർന്നു പ്രവർത്തിക്കുകയുണ്ടായി.

ഇപ്പോൾ ഇററാർസിയിൽ കുടുംബമായിതാമസിച്ച് പ്രവർത്തിച്ചുവരുന്നു. ഭാര്യയും രണ്ടു പെൺമക്കളും ഉണ്ട്. ഈ സഹോദരനെ ദൈവജനസമക്ഷം പരിചയപ്പെടുത്തുന്നതിൽ ഞങ്ങൾക്ക് സഭയായി അതിയായ സന്തോഷമുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ഈ സഹോദരന് ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. സഹോദരന്റെ വിലാസം.**T.A.JOSHY, SATPURA COLONY, OLD ITTARSI, HOSHANGABAD DT. MP.461111.M- 0898942946.**

മൂവാററുപുഴ ബ്രദറൺ സഭയ്ക്കുവേണ്ടി,
STANLY ABRAHAM, P.C.BENNY,JOHNY MANUEL

## JOHNSON GEORGE- SECUNDERABAD-AP

ബ്രദർ.ജോൺസൺ ജോർജ്ജ് സെക്കന്തരാബാദ് ക്രിസ്ത്യൻ ബ്രദറൺ സഭയിൽ കൂട്ടായ്മയിൽ ആയിരിക്കയും സഭയുടെ വിവിധ ആത്മീയ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുകൊള്ളുകയും ചെയ്തുകൊണ്ടിരിക്കയായിരുന്നു. ഓ.എം.ബുക്സിന്റെ സാഹിത്യ വിഭാഗം ഡയറക്ടറായിരുന്ന താൻ ആ ജോലി രാജിവെക്കുകയും ഇപ്പോൾ പൂർണ്ണസമയം സുവിശേഷ വേലയ്ക്കായി വേർതിരിയുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ സെക്കന്തര ബാദിലെ ചേരിനിവാസികളുടെയിടയിൽ നല്ല പ്രവർത്തനം നടത്തിവരുന്നു. ഈ സഹോദരനെ സഭയായി ദൈവജനത്തിനു പരിചയപ്പെടുത്തുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ഈ സഹോദരന് ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. സഹോദരന്റെ വിലാസം. **JOHNSON GEORGE,SRI JAI ENCLAVE,SPRING FIELD,SUCHITRA JN, SECUNDERABAD.500067.AP.**

സെക്കന്തരബാദ് ക്രിസ്ററ്യൻ സഭയ്ക്കുവേണ്ടി,
T.V.POULOSE, P.M.JACOB,.T.K.DAVID

# U A E ലെ ബ്രദറൺ സഭകൾ
# "കണ്ടതും...കേട്ടതും" 

തുടർച്ച (3)

Simon Payyanur

## യു.എ.ഇ. യിലെ മൂപ്പൻമാർ

യു.എ.ഇ. യിലെ മൂപ്പൻമാർ സഭാ കാര്യങ്ങളിൽ വളരെ ഊർജ്ജസ്വലരാണ്. തിരുവചനാടിസ്ഥാനത്തിലുള്ള യോഗ്യതകളുള്ള മൂപ്പൻമാരാണോ ഇവരൊക്കെ എന്നു ചോദിച്ചാൽ അല്ലയെന്നു പറയേണ്ടതായി വരും. ലോക ബ്രദറൺ സഭകളിൽ തിരുവചനാടിസ്ഥാനത്തിലുള്ള മൂപ്പൻമാരെ കണ്ടു കിട്ടുക പ്രയാസമുള്ള കാര്യമാണ്. എങ്കിലും യു.എ.ഇ.യിലെ മൂപ്പൻമാരിൽ ഭൂരിഭാഗവും അവർ ഉൾപ്പെട്ടു നില്ക്കുന്ന സഭകളുടെ ഉന്നമനത്തിനായി അവരവരുടെ പരിമിതികളിൽ നിന്നുകൊണ്ടു പ്രവർത്തിക്കുന്നുവെന്നത് പ്രസ്താവ്യ യോഗ്യമാണ്.

നല്ല വചന പരിജ്ഞാനമുള്ളവരും ശുശ്രൂഷിക്കാൻ സമർത്ഥരുമായ നിരവധിപേർ ഈ ഭാഗങ്ങളിലെ പല സ്ഥലം സഭകളിലുമുണ്ട്. പക്ഷേ അവ രുടെ കഴിവുകൾ ജ്വലിപ്പിക്കുവാനായി സാധിക്കുന്നില്ല. കാരണം മിക്ക സഭകളിലും ആഴ്ചയിൽ രണ്ടു ദിവസമാണ് യോഗങ്ങൾ ഉള്ളത്. അതും കൂടിവന്നാൽ രണ്ടു മണിക്കൂർ. മിക്കവാറും സഭകളിൽ സഞ്ചാര സുവിശേഷകൻമാർ ഉണ്ടുതാനും. ഉപദേശിമാർ ഇല്ലാതെവരുമ്പോൾ ശുശ്രൂഷിക്കാം എന്നു വിചാരിച്ചാൽ "അലക്കു കഴിഞ്ഞിട്ട് പെണ്ണ് കെട്ട് നടക്കില്ല" എന്ന ചൊല്ല് പോലെയിരിക്കും. അലക്കു കഴിയുമോ ഇല്ല, അതിനാൽ പെണ്ണുകെട്ടലും നടക്കില്ല. അതിനാൽ ഇവരിൽ പലരും ശുശ്രൂഷകൾക്കായി ഇന്ത്യയിലേക്കു സമയം കിട്ടുന്നതിനനുസരിച്ച് പോകാറുണ്ട്.

യു.എ.ഇ. യിലുള്ള വിവിധ തരത്തിലുള്ള മീററിംങ്ങുകൾക്കും സ്ഥലം സഭകളുടെ ആത്മിയ കൂട്ടായ്മകൾക്കും ഇങ്ങനെയുള്ളവരെ ശുശ്രൂഷിക്കാൻ അനുവദിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഈ ലേഖകൻ സന്ദർശനത്തിനായി ഇവിടെയായിരുന്നപ്പോൾ ഒരു മണിക്കൂർ നേരത്തെ ശുശ്രുഷയ്ക്കായി മാത്രം ഇന്ത്യയിൽ നിന്നും ഒരു "ബ്രദറിനെ" കൊണ്ടുവന്നതായി കണ്ടു. എന്തു നേടി. സംഘാടകരുടെ ഇഷ്ടം. അവരുടെ പണം. ആരാണ് ചോദിക്കാൻ. ഇങ്ങനെയുള്ള യോഗങ്ങൾക്കൊക്കെ ഇവിടുത്തെ സഭകളിലെ കഴിവുള്ളവരെ ശുശ്രുഷയ്ക്കായി ഉപയോഗിക്കുവാൻ സാധിക്കണം. അതായിരിക്കണം സഭകളുടെ ഉത്തരവാദിത്വം. ആ കാഴ്ചപ്പാടുണ്ടാകണം.

ഇവിടുത്തെ ഓരോ സഭകളിലെയും മിക്കവാറും യോഗങ്ങളിലും മൂപ്പൻമാരുടെ പങ്കാളിത്വം പ്രശംസനീയാർഹമാണ്. അതായത് ആത്മിക വിഷയങ്ങളിൽ ശ്രദ്ധകൊടുക്കുന്നവരും സഭയുടെ പൊതുനൻമയ്ക്കായി പ്രവർത്തിക്കുന്നവരുമാണ്. എടുത്തു പറയേണ്ട മറെറാരു കാര്യം, മൂപ്പൻമാരുടെ എളിമയാണ്. അതേ സമയം ആടുകളുടെ അവസ്ഥ അറിയാത്തവരും അന്വേഷിക്കാത്തവരുമായ മൂപ്പൻമാരും ഉണ്ടെന്നും കേട്ടറിയാൻ സാധിച്ചു. കേരളത്തിലെ മൂപ്പൻമാർക്കു ലഭിക്കാത്തതായ ഒരു ഇടയ ശുശ്രൂഷയാണ് ഇവിടെയുള്ള മൂപ്പൻമാർക്കു ലഭ്യമായിരിക്കുന്നത്. കേരളത്തിലെ ഒരു സ്ഥലം സഭയിൽ എത്ര വിശ്വാസികളുണ്ടോ അവരെല്ലാവരും ആ ഒരു പ്രദേശത്തെ വിശ്വാസികളായിരിക്കും. അവരുടെ മൂപ്പൻമാരാണയാണ് ഇവർ ശുശ്രുഷ ചെയ്യുന്നത്.

➲16



എന്നാൽ യു.എ.ഇയിലെ സഥ്ലം സഭകളിൽ നിരവധി സ്ഥലം സഭകളിൽ നിന്നും വന്ന നിരവധി വിശ്വാസികളോടുള്ള ബന്ധത്തിൽ ഇടയ ശുശ്രൂഷ ചെയ്യുവാൻ സാധിക്കുന്നുവെന്നതാണ് വിശേഷത. അതിനാൽ ഈ വിശ്വാസികളുടെ ഇന്ത്യയിലെ വിവിധ സ്ഥലം സഭകളുമായി ആത്മാർത്ഥ ബന്ധം പുലർത്തുവാൻ ഒരു അവസരം ഉണ്ടാകയും ചെയ്യുന്നു.

എന്നിരുന്നാലും ഇവരുടെ ഒരു പോരായ്മയും പറയാതിരിക്കുവാൻ സാദ്ധ്യമല്ല. ദീർഘവർഷങ്ങൾ വിദേശത്ത് മൂപ്പനായിരുന്ന ഒരാൾ സ്വദേശത്തേക്കു തിരിച്ചുവരുമ്പോൾ തന്റെ മാതൃസഭയിൽ മൂപ്പസ്ഥാനം ലഭിക്കുമെന്ന ഉറപ്പില്ലായെന്നതാണ് ദുഃഖകരം. ദീർഘ വർഷങ്ങൾ വിദേശത്തെ സഭയെ അടക്കി ഭരിച്ചവരിൽ പലരും ഇന്ന് സാദാ വിശ്വാസിയായിട്ടാണ് കഴിയുന്നത്. ചിലരാകട്ടെ സ്വന്ത സ്ഥലം സഭയുണ്ടാക്കി മൂപ്പനായിരിക്കുവാനുള്ള ക്രമീകരണം ചെയ്യും. മററു ചിലരാകട്ടെ തന്ത്രപൂർവം കരുക്കൾ നീക്കി സ്ഥാനം പിടിച്ചെടുക്കാറുമുണ്ട്.

ഇവിടെയുള്ള മൂപ്പൻമാരിൽ ഭൂരിഭാഗവും അതിഥിസത്ക്കാരത്തിൽ തത്പരരാണ്. വരുന്ന അതിഥികളെ സ്വീകരിക്കുവാനും അവരോട് മാന്യമായ നിലയിൽ ഇടപെഴുകുവാനും അതിഥികളായിവരുന്ന ദൈവദാസൻമാരെ മുഖപക്ഷമില്ലാതെ സഭകളിൽ മാന്യമായ സ്ഥാനത്തു ഇരുത്തുകയും ശുശ്രൂഷ ചെയ്യുവാൻ അവസരം നൽകയും ചെയ്യുന്നത് എടുത്തു പറയേണ്ട കാര്യമാണ്. അതിനാൽ ഇവർ ഇരട്ടി മാനത്തിനു യോഗ്യരായിത്തീരുകയും ചെയ്യുന്നു. എന്നിരുന്നാലും ഈ നല്ല മൂപ്പൻമാരുടെ പേരുകളയുന്ന തലക്കനമുള്ള ഇഷ്ടമില്ലാത്തവർക്കെതിരെ പാരവെക്കുന്ന ചില മൂപ്പൻമാരും ഉണ്ട്.

കേരളത്തിലെ ചില സഭകളിലെ മുപ്പൻമാർക്കില്ലാത്ത സവിശേഷതകളാണിവയൊക്കെ. സാമാന്യ മര്യാദപോലും അറിയാത്ത കേരളത്തിലെ ചില സഭകളിലെ ഇത്തരത്തിലുള്ള മൂപ്പൻമാർക്കായി ഒരു ഹൃസ്വകാല കോഴ്സ് ആരെങ്കിലും തുടങ്ങി യിരുന്നുവെങ്കിൽ നന്നായിരുന്നു. ദൈവദാസൻമാരോട് യാതൊരു മാന്യതയും പുലർ ത്താത്ത മുഖപക്ഷം കാണിക്കുന്ന നിഗളികളായ ഇത്തരം മൂപ്പൻമാർ യു.എ.ഇ. യിലെ മൂപ്പൻമാരെ ഒന്നു കണ്ടു പഠിച്ചെങ്കിൽ നന്നായിരുന്നു.


യു.എ.ഇ യിലെ മൂപ്പൻമാർ ഇന്ത്യയിലെ സുവിശേഷീകരണത്തിലും, സുവിശേഷകൻമാരുടെ ഭൗമിക വിഷയങ്ങളിലും വളരെ ശ്രദ്ധാലുക്കളാണ്. ഇന്ത്യയിലെ സുവിശേഷഫണ്ടുകൾക്കും മററു ശുശ്രൂഷകൾക്കും യു.എ. ഇ യിലെ സഭകളിൽ നിന്നും ഓരോ വർഷവും ഭീമമായ തുകയാണ് ലഭിക്കുന്നത്. ഇതെല്ലാം ഇവിടെയുള്ള മൂപ്പൻമാരുടെ നല്ല ആത്മീയ ദർശനത്തെയാണ് കാണിക്കുന്നത്. ദൈവം ഇവിടെയുള്ള മൂപ്പൻമാരെയും അവരുൾപ്പെട്ടു നില്ക്കുന്ന സഭകളെയും അനുഗ്രഹിക്കട്ടെ. സഹായിക്കട്ടെ. ദൈവജനം ഇവർക്കുവേണ്ടി പ്രാർത്ഥിക്കണം.

ചില മൂപ്പൻമാർ സഭകളിൽ നിന്നും പണം സ്വീകരിച്ച് ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ സുവിശേഷ പ്രവർത്തനത്തിനായി പോകാറുണ്ട്. മററു ചിലർ സ്വന്തം പണം മുടക്കിയും. ഇങ്ങനെ പോകുന്ന ചിലർ അറിഞ്ഞോ അറിയാതെയോ പല ചതിക്കുഴികളിലും വീഴാറുണ്ട്. ചില സ്ഥലങ്ങളിലെ പ്രവർത്തനം ചിലരുടെ കുത്തകയാക്കി വെക്കുകയും തൻമൂലം ഗ്രൂപ്പിസം തുടങ്ങിയ പല അയോഗ്യമായ പ്രവണതകൾ സുവിശേഷകൻമാരുടെയിടയിൽ വർദ്ധിക്കയും ചെയ്യുന്ന നിരവധി തെളിവുകൾ ലഭിക്കുന്നു.സുവിശേഷകൻമാരെ വരുതിയിലാക്കുന്ന ചില മൂപ്പൻമാരും ഉണ്ട്.ഇത്തരവേലകളെക്കുറിച്ച് അടുത്തലക്കത്തിൽ വിശദമാക്കാം. (തുടരും)

RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014



## ഗാനക്വിസ്. 165



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഏപ്രിൽ 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**OR**

**09825169406** എന്ന മൊബൈൽ നമ്പറിൽ എസ്.എം.എസ് അയക്കുകയോ,**payyanursimon@gmail.com** എന്ന ഇ-മെയിൽ വിലാസ ത്തിൽ ഉത്തരം അയക്കുകയോ ചെയ്യാവുന്നതാണ്.

**ഗാനം:** ക്രിസ്തു നാമമെ ജയം-ക്രിസ്തുനാമമെ ജയം
ക്രിസ്തേശുനാമത്തിന്നുള്ളഎന്നും ജയം ജയമേ...

**ഗാനക്വിസ് 163-ന്റെ ഉത്തരവും വിജയികളുടെ പേരുകളും മററും അടുത്ത ലക്കത്തിൽ**

## Out Reach Work

**Place: Tapi District-Gujarat**

**Date: 3rd week April 2014.**

## GOSPEL MEETING

**Place: lACKHISARAI - BIHAR**

**Date: 9,10,11 May 2014.**

**Speaker: Simon Payyanur**

**Programme: Bible Class, Baptism, Night Meetings**

## BRETHREN ASSEMBLY,ANAND.GUJARAT

ജോലിയോടുള്ള ബന്ധത്തിലും പഠനത്തോടുള്ള ബന്ധത്തിലും ഗുജറാത്തിലെ ആനന്ദിൽ വന്നിട്ടുള്ളവരും വരുന്നവരും ആരാധനയ്ക്കായി ബന്ധപ്പെടേണ്ട വിലാസം:

**BRETHREN ASSEMBLY, 7-SURUCHI PARK,GAMDI ROAD,GAMDI,ANAND.388001.GUJARAT.**
**M- 09427857842**
**(Sanjay Parmar-Evangelist)**

## GUJARAT BRETHREN BIBLE INSTITUTE (GBBI)

(13th batch)

**Applications are invited from students for**

**One Year Course - C.Th**

**commencing from 1st July 2014**

**at Gujarat Brethren Bible Institute, Gandhidham,Kutch.**

**Those who bear good testimony at their local Assembly can apply.**

**Practical training shall be given along with Bible Studies.**
**Medium of instruction is Hindi**
**Decent food and accomodation shall be free.**

**Please write immediately for Application Form**

**GUJARAT BRETHREN BIBLE INSTITUTE**
**Plot.No.147,Sector.7Gandhidham. 370201.Kutch.Gujarat.**
**Ph. 02836-224763, 226951,M-09825169406.**
**e-mail: Payyanursimon@gmail.com**

**FORM-IV**
**(See Rule 8)**

| | | |
|---|---|---|
| Place of Publication | - | Gandhidham |
| Periodicity of Publication | - | Monthly |
| Printers Name | - | Simon Payyanur |
| Whether Citizen of India | - | Indian |
| Address | - | Plot.No.147,Sector.7 Gandhidham.370201. |
| Publisher's Name | - | Simon Payyanur |
| Whether Citizen of India | - | Indian |
| Address | - | Plot.No.147,Sector.7 Gandhidham.370201. |
| Editor's Name | - | Simon Payyanur |
| Whether Citizen of India | - | Indian |
| Address | - | Plot.No.147,Sector.7 Gandhidham.370201. |

I,Simon Payyanur hereby declare that the particulars given above are true to the best of my knowledge ond belief.

Sd/
Simon Payyanur
Signature of Publisher

Gandhidham
01-04-2014

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125